(ഇ) കുളത്തിനുചുറ്റുമുള്ള ഭൂമിയിൽ ജനകീയാസൂത്രണക്കാർ കയ്യേറ്റം നടത്തിയിട്ടുണ്ടോ; ഒ.പി. നിലവിലിരിക്കെ സി.എം.പി..യിലെ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചവരുടെമേൽ നടപടിയെടുക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയിൽ കുടിവെള്ള മേഖലയിൽ ഉൾപ്പെടുത്തി താമരക്കുളം നവീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൃഷി നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കുളം നവീകരിക്കുന്നതിനും ഓട നിർമ്മിക്കുന്നതിനുമായി കല്ലിറക്കിയിട്ടുണ്ട്.

(ഇ) കയ്യേറ്റം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

58 (1809) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും ഗ്രാന്റിനത്തിലും പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട തുക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പദ്ധതി വിഹിതത്തിനു പുറമേ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും വിവിധ ഗ്രാന്റിനത്തിലും പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടിയിരുന്ന തുക ഈ വർഷം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അവ നൽകാത്തതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈയിനത്തിൽ എത്ര സംഖ്യയാണ് പഞ്ചായത്തുകൾക്ക് നൽകേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക യഥാവസരം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത തുക കൂടി പ്രതീക്ഷിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കിയിട്ടുള്ള പഞ്ചായത്തുകൾക്ക് പദ്ധതിപ്രവർത്തനം പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടാകാതിരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) 1998-99 വർഷത്തെ ബഡ്ജറ്റിൽ പഞ്ചായത്തു വകുപ്പിന്റെ ഡിമാന്റ് നമ്പർ XXXV-ൽ വിവിധ നോൺ പ്ലാൻ ഗ്രാന്റുകളിൽ ഉൾപ്പെടുന്ന 4,87,79,000/- രൂപയും ബേസിക് ടാക്സ് ഗ്രാന്റ് 6,98,77,000 രൂപയും ടി ഇനത്തിലെ കുടിശ്ശിക 8,41,00,000 രൂപയും വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ 39,42,00,000 രൂപയും വസ്തു കൈമാറ്റ നികുതി 74,06,62,497 രൂപയും ഉൾപ്പെടെ ആകെ 133,76,18,497 രൂപയും സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽ ഓഫീസ് നവീകരണത്തിനും കമ്പ്യൂട്ടറൈസേഷനുമായി 1,50,00,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയും ഡിമാന്റ് XXXVI-ൽ ഉൾപ്പെടുത്തി ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്കായി 2,50,00,000 രൂപയുമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. മേൽ തുകകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

59 (1810) കുളനട ഗ്രാമപഞ്ചായത്തിനുള്ള ജനകീയാസൂത്രണ പദ്ധതി വിഹിതം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട ഗ്രാമപഞ്ചായത്തിന് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് 1998-99-ൽ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ 1999 മാർച്ച് 15 വരെ എന്തുതുക ചെലവായിട്ടുണ്ട്;

(സി) ഇതിൽ ഏതൊക്കെ മേഖലയിൽ എന്തു തുക വീതമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഓരോ ഇനത്തിനും 1999 മാർച്ച് 15 വരെ എന്തു തുക ചെലവായിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) 1998-99-ലേക്ക് അനുവദിച്ചിട്ടുള്ള തുകയിൽ എല്ലാ ഗഡുക്കളും വാങ്ങിയിട്ടുണ്ടോ;

(ഇ) 1998-99-ലേക്ക് പ്രസ്തുത പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുള്ള ടാർജറ്റ് പൂർത്തിയാക്കാൻ കഴിയുമോ?

ഉത്തരം

(എ) 49.29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 15,44,615 രൂപ

(സി)

മേഖല	അലോട്ട്മെന്റ് (രൂപ)	ചെലവു ചെയ്തത് (രൂപ)
1. ഉല്പാദന മേഖല	19,43,000	9,23,211
2. സേവന മേഖല	17,94,200	3,91,080
3. പശ്ചാത്തല മേഖല	11,91,800	2,30,324
ആകെ	49,29,000	15,44,615

(ഡി) വാങ്ങിയിട്ടുണ്ട്.

(ഇ) കഴിയുമെന്നാണ് റിപ്പോർട്ട്.

60 (1811) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഗ്രാന്റ് നൽകിയ കൈത്തറി സഹകരണ സംഘങ്ങൾ

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly